# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3270** — **15-02-2024 - ൽ മറുപടിയ്ക്ക്**

## കരമന-വെള്ളറട റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് വഴി നടപ്പാക്കുന്ന കരമന-വെള്ളറട റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കരമന-വെള്ളറട റോഡിന്റെ (35.5 കി.മീ) പുനരുദ്ധാരണ പ്രവൃത്തിക്ക് വേണ്ടി ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരുന്നു. കരമന-വെള്ളറട റോഡ് 3 റീച്ചായാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നത്. 1st റീച്ചിന്റെ (കരമന മുതൽ കുണ്ടമൺകടവ് പാലം വരെ (0/000-5/500) 11(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും 19(1) വിജ്ഞാപനം പ്രസിദ്ധികരിക്കുന്നതിനുള്ള നടപടികൾ റവന്യ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നതുമാണ്. ആദ്യ റീച്ചിന്റെ സ്ഥലമേറ്റെടുക്കലിനായി 120 കോടി രൂപ യുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. 2nd റിച്ചിന്റെ (കുണ്ടമൺകടവ് മുതൽ ഞാറവിള വരെ (5/500-20/000) 4(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ റവന്യ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നതുമാണ്. 3rd റിച്ചിന്റെ (ഞാറവിള മുതൽ വെള്ളറട വരെ (20/000-35/500) 4(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | ഇതിനായി ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സർക്കാർ ഉത്തരവ് നമ്പർ.335/2016/ പൊ.മ.വ, പ്രകാരം കരമന-വെള്ളറട റോഡിന്റെ (8.375 ഹെക്ടർ) ഭൂമി ഏറ്റെടുക്കലിനായി 15.02.2016 ൽ 21.448 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 30% തുക (6.4346 കോടി) എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായും 5% തുക (1.0724 കോടി) ആനുഷംഗിക ചെലവുകൾക്കായും (ആകെ 7.507 കോടി) സർക്കാർ നൽകിയതിൽ 1.0724 കോടി രൂപ കണ്ടിൻജൻസി ചാർജ്ജ് ഇനത്തിൽ റവന്യ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡ് നിർമ്മാണം എന്ന് പൂർത്തീകരിയ്ക്കാനാകുമെന്നും ആയതിന്റെ തുടർ നടപടികൾ എന്തെന്നും വിശദമാക്കാമോ? | (സി) | **റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ പരിഗണിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ